II ഇ.ബി. XIV-കേരള നിയമസഭ /II-8

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഒക്ടോബർ 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

23 (*331) ആദായ നികുതി അപ്‌ലോഡ് ചെയ്യാൻ സർക്കാർ സംവിധാനം

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, ആദായ നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര ആദായ നികുതി വകുപ്പിന്റെ കീഴിലായതിനാൽ ഓരോ ക്വാർട്ടറിലും വകുപ്പിന്റെ വെബ്സൈറ്റിൽ സൂചിപ്പിച്ചിട്ടുള്ള സൗജന്യ സോഫ്റ്റ്‌വെയറുകൾ, ഫയൽ വാലിഡേഷൻ യൂട്ടിലിറ്റികൾ തുടങ്ങിയവ ഉപയോഗിച്ച് ടി.ഡി.എസ്. തയ്യാറാക്കി അംഗീകൃത ടിൻ ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന നിശ്ചിത ഫീസ് നൽകി അപ്‌ലോഡ് ചെയ്യാവുന്നതാണെന്ന് സഭയെ അറിയിച്ചു.

100 റിക്കോഡുകൾക്ക് 38 രൂപയും 1000 റിക്കോഡുകൾക്ക് 178 രൂപയും 1000-നമുകളിൽ 578.50 രൂപയുമാണ് ഫെസിലിറ്റേഷൻ സെന്ററുകൾക്ക് ആദായ നികുതി വകുപ്പ് അധികൃതർ നിശ്ചയിച്ചിട്ടുള്ള ഫീസ്. ടി.ഡി.എസ് തയ്യാറാക്കുന്ന ജോലി സ്വകാര്യ ഫെസിലിറ്റേഷൻ സെന്ററുകളെയോ ഐ.ടി. സെല്ലിനെയോ ഏൽപ്പിക്കുന്നതും ടി.ഡി.എസ് അപ്‌ലോഡിംഗ് ട്രഷറി വകുപ്പിനെ ഏൽപ്പിക്കുന്നതും കരണീയമല്ല. ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ടി.ഡി.എസ് അപ്‌ലോഡിംഗ് ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ ട്രഷറിയിൽനിന്ന് അതാത് ഓഫീസ് ഡി.ഡി.ഒ. മാർക്കായി സർക്കാർ ഉത്തരവുപ്രകാരം പുനർവിഭജിച്ച് നൽകിയിട്ടുള്ളതിനാൽ ജീവനക്കാർ ടി.ഡി.എസ്. അപ്‌ലോഡ് ചെയ്യേണ്ടതില്ലെന്നും ടി.ഡി.എസ് ഫയൽ ചെയ്യുന്നതിന് പരിശീലനം ആവശ്യപ്പെടുന്ന ഡി.ഡി.ഒ.മാർക്ക് ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ധനകാര്യ മാനേജ്മെന്റ് പരിശീലന കേന്ദ്രത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി പരിശീലനം നൽകിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഷെഡ്യൂൾഡ് ബാങ്കുകളും എച്ച്.ഡി.എഫ്.സി., ഐ.സി.ഐ.സി.ഐ. തുടങ്ങിയ സ്വകാര്യ ബാങ്കുകളുമാണ് ടി.ഡി.എസ്. അപ്‌ലോഡ് ചെയ്യുന്നതിനുള്ള ഫെസിലിറ്റേഷൻ സെന്ററുകളായി പ്രവർത്തിക്കുന്നതെന്നും നികുതി യഥാസമയം അടയ്ക്കാത്തത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

24 (*332) <u>കിൻഫ്രയുടെ പ്രവർത്തനം</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, കിൻഫ്രയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടെന്നും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുകയാണ് ഇതിന്റെ ലക്ഷ്യമെന്നും സഭയെ അറിയിച്ചു. ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതിനുള്ള എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനും സംരംഭകർക്ക് അവരുടെ സംരംഭങ്ങൾ വിജയകരമായി പ്രവർത്തിപ്പിക്കുന്നതിനും സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം; മെഗാ ഫുഡ് പാർക്ക്, പാലക്കാട്; ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്; ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം; ഫുട്‌വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്; സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി; വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ; വ്യവസായ പാർക്ക്, മട്ടന്നൂർ എന്നീ പുതിയ പദ്ധതികൾ പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ ഏകദേശം 6,630 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നതായും ഡിഫൻസ് പാർക്കിന് കേന്ദ്രവാണിജ്യമന്ത്രാലയത്തിന്റെ

ധനസഹായമായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഗ്ലോബൽ ആയുർവ്വേദ വില്ലേജ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതുപ്രകാരം വ്യവസായ സംരംഭകർക്ക് കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി വ്യക്തമാക്കി. കിൻഫ്ര ഒരുക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളിൽ പോരായ്മയുണ്ടെങ്കിൽ അത് പരിഹരിക്കുമെന്നും ഗ്രാമീണ മേഖലയിലുള്ള വ്യവസായ സാധ്യതകൾ പ്രോത്സാഹിപ്പിക്കുമെന്നും മാനുഫാക്ചറിംഗ് യൂണിറ്റുകൾക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് തടസ്സമില്ലെന്നും കിൻഫ്ര പാർക്കുകൾ സ്ഥാപിക്കുമ്പോൾ സ്പെഷ്യലൈസേഷനെക്കുറിച്ച് ആലോചിക്കാവുന്നതാണെന്നും കണ്ണൂർ കേന്ദ്രമാക്കി കൈത്തറി രംഗം അഭിവൃദ്ധിപ്പെടുത്താനുള്ള പദ്ധതികൾക്ക് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും നാടുകാണിയിലെ കിൻഫ്ര പാർക്കും അപ്പാരൽ പാർക്കും പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

25(*333 &*355) <u>വിനോദസഞ്ചാര മേഖലയുടെ വികസനം</u>

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി പുതിയ ടൂറിസം ഉത്പന്നങ്ങളുടെ വികസനം, കാര്യക്ഷമതയുള്ള

പ്രചാരണ പരിപാടികൾ, നൂതന വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന പദ്ധതികൾ ആവിഷ്കരിക്കൽ, ടൂറിസം രംഗത്ത് മികവുറ്റ മാനവശേഷി വികസനം,തദ്ദേശവാസികൾക്ക് ടൂറിസത്തിന്റെ ഗുണഫലങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്വകാര്യ-പൊതുമേഖലകളിലൂടെ ടൂറിസം രംഗത്തുള്ള നിക്ഷേപം വർദ്ധിപ്പിക്കൽ എന്നിങ്ങനെ വിവിധ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രകൃതി സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള വാസ്തുശില്പശൈലിയും നിർമ്മാണ വസ്തുക്കളും ജലസംരക്ഷണ പദ്ധതികളും സൗരോർജ്ജമടക്കമുള്ള പ്രകൃതിദത്തമായ ഊർജ്ജസ്രോതസ്സുകളും ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികളാണ് തയ്യാറാക്കുന്നത്. അടിസ്ഥാന സൗകര്യവികസനം ടൂറിസം പദ്ധതികളുടെ പ്രധാന ഘടകമാണെന്നും സംസ്ഥാന സർക്കാരിന്റെയും കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെയുള്ള സമഗ്രവികസനമാണ് ഉദ്ദേശിക്കുന്നതെന്നും ഇതോടൊപ്പം ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, ആയുർവ്വേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങി സ്വകാര്യ നിക്ഷേപത്തിന് സാധ്യതയുള്ള വിവിധ മേഖലയിലുള്ള പദ്ധതികൾ വിവക്ഷിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

അടുത്ത അഞ്ചുവർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50 ശതമാനം വർദ്ധിപ്പിക്കുന്നതിനും 4 ലക്ഷത്തിലധികം തൊഴിലവസരം സൃഷ്ടിക്കുന്നതിനും സമഗ്ര ടൂറിസം വികസന പദ്ധതി ലക്ഷ്യമിടുന്നു. മലയോര, കായലോര, ടൂറിസം കേന്ദ്രങ്ങൾ, ബീച്ചുകൾ, ഇക്കോ ടൂറിസം കേന്ദ്രങ്ങൾ, മറ്റ് സാദ്ധ്യതയുള്ള ടൂറിസം മേഖലകൾ, പൈതൃക-സംരക്ഷിത കേന്ദ്രങ്ങൾ, ബേക്കൽ, തലശ്ശേരി, മുസിരിസ് തുടങ്ങിയ വിവിധ കേന്ദ്രങ്ങൾ വികസിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. തീർത്ഥാടന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള ടൂറിസം സർക്യൂട്ട് പദ്ധതിയിലൂടെ ശ്രീപത്മനാഭ സ്വാമിക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറന്മുള എന്നിവ ഉൾപ്പെടുന്ന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം കേന്ദ്രങ്ങളിലെ വൃത്തി, സുരക്ഷിതത്വം, സന്ദർശകർക്കുള്ള സൗകര്യങ്ങൾ വിപുലമാക്കൽ എന്നിവയ്ക്കായി ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പാക്കിവരുന്നു. കേരളാ ഹൗസ് മോഡലിൽ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന്റെയും ഇടപ്പള്ളിത്തോട് വികസിപ്പിക്കുന്നതിന്റെയും സാധ്യതകൾ പരിശോധിക്കുമെന്നും ഇടുക്കി ജില്ലയുടെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച

വരികയാണെന്നും മന്ത്രി വ്യക്തമാക്കി. മൂന്നാറിലെ പാർക്കിംഗ് പ്രശ്നങ്ങൾ പരിഹരിക്കുമെന്നും തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിന്റെയും മലബാർ മേഖലയിലെ ധർമ്മടം, മുഴപ്പിലങ്ങാട്, വയനാട്, കക്കയം, പെരുവണ്ണാമൂഴി, കാപ്പാട്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് ഉൾപ്പടെയുള്ള മേഖലകളുടെയും സ്വദേശി ദർശൻ പദ്ധതിയിൽ കണ്ണൂരിനെയും കാസർഗോഡിനെയും ബന്ധപ്പെടുത്തിയുള്ള പ്രോജക്ടിന്റെയും ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും മൺറോതുരുത്ത് പ്രോജക്ട് പരിശോധിക്കുമെന്നും കണ്ണൂർ കൈത്തറി പൈതൃകഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നും കക്കയം വനമേഖലയിലെ അഡ്വഞ്ചർ ടൂറിസവും ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വനം വകുപ്പുമായി ചർച്ച ചെയ്ത് പരിഹരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ഉസ്താദ് അംജദ് അലിഖാന്റെ പേരിൽ ഇന്റർനാഷണൽ മ്യൂസിക് സ്കൂൾ സ്ഥാപിക്കുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി സഭയെ അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2976 മുതൽ 3269 വരെയുള്ള ചോദ്യങ്ങളിൽ 121 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)